ആരംഭിക്കുകയും ചെയ്യ. ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുക, മെഡിക്കൽ ബില്ലുകൾ യഥാസമയം റീ-ഇമ്പേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാവുക, കാലാവസ്ഥാ സംരക്ഷണോപാധികൾ യഥാസമയം വിതരണം ചെയ്യാൻ നടപടികൾ ഉണ്ടാവുക, ശുചിമുറികളുടെ അപകടകരമായ ശോചനീയാവസ്ഥ പരിഹരിക്കുക, ലയങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടികൾ മെച്ചപ്പെടുത്തുക എന്നിവയായിരുന്നു തൊഴിലാളികൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ.

തോട്ടം തൊഴിലാളികളുടെ സമരം 14-10-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോൺ, ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗിൽ ധാരണയായി. പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ഉണ്ടായിട്ടുള്ള ധാരണകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 28-1-2016-ലെ 428/ഇ 1/2016/തൊഴിൽ പ്രകാരം പ്രാഥമിക മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ

201 (2481) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ്-കവുങ്ങ് കയറ്റതൊഴിലാളികളെ വിദഗ്ധ തൊഴിലാളികളായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും, വിദഗ്ധതൊഴിലാളി വിഭാഗത്തിൽ പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ചികിത്സ, പെൻഷൻ, ക്ഷേമനിധി എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 20-3-1991-ലെ ജി.ഒ.(പി)21/91/തൊഴിൽ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റത്തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങ്-കവുങ്ങ് കയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള മരം കയറ്റത്തൊഴിലാളികൾക്ക് അംഗത്വം നൽകി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇതുകൂടാതെ കേരള മരം കയറ്റത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരം കയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്കും മരം കയറ്റത്തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്കും നിലവിൽ യഥാക്രമം 1,00,000 (ഒരുലക്ഷം രൂപ മാത്രം) രൂപയും 50,000 (അമ്പതിനായിരം രൂപ മാത്രം) രൂപയും നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്ത വിധം പരിക്ക് പറ്റുന്ന തൊഴിലാളിക്കും മരത്തിൽ നിന്നും വീണ് മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിൽ നൈപുണ്യപദ്ധതി-സാങ്കേതിക വിദ്യാഭ്യാസം

202 (2482) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസത്തിൽ നല്ല മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ & ബി) തൊഴിൽ നൈപുണ്യപദ്ധതിയുമായി ബന്ധപ്പെട്ട് പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനോ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനോ തൊഴിലും നൈപുണ്യവും വകുപ്പിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly